LIBRARY ARCHIVES Kerala Legislative Assembly

ടൂവീലർ വാഹനങ്ങൾക്ക് തേർഡ്പാർട്ടി ഇൻഷ്വറൻസ് പുതുക്കുന്നതിനുള്ള തടസ്സം

*12 [252] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:

„ ടി. പി. എം. സാഹിർ:

„ സി. മോയിൻകുട്ടി:

„ ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ടൂ വീലർ വാഹനങ്ങൾക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസ് പുതുക്കുന്നതിന് ഇൻഷ്വറൻസ് കമ്പനികൾ വൈമുഖ്യം കാണിക്കുന്നതായും ഇൻഷ്വറൻസ് തുക കൈപ്പറ്റുന്നതിന് അനാവശ്യമായ നിബന്ധനകളും പിഴകളും ചുമത്തുന്നതുമായ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇൻഷ്വറൻസ് പുതുക്കുന്നതിന് കാലതാമസമുണ്ടായാൽ ഇഷ്ടാനുസരണം തുക വർദ്ധിപ്പിച്ച് കളക്ട് ചെയ്യുന്നതിന് സർക്കാരിന്റെ അനുവാദം നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ ടൂ വീലർ ഉടമകളിൽ നിന്നെങ്കിലും അധിക പണപ്പിരിവ് നിർത്തലാക്കാൻ സർക്കാർ സത്വര നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഇതു സംബന്ധിച്ച സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

(ബി, സി) ഇൻഷ്വറൻസ് കമ്പനികളെ നിയന്ത്രിക്കുന്നതിനുള്ള സംവിധാനം സർക്കാരിന് ഇല്ല.

സ്വകാര്യ ബസ് ചാർജ് വർദ്ധന

*13 [253] ശ്രീ. എൻ. രാജൻ:

„ ബിനോയ് വിശ്വം:

„ എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ് ചാർജ് വർദ്ധനയുൾപ്പെടെയുള്ള കാര്യങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിന് നിയോഗിച്ചിരുന്ന കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;